**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5765** **16-03-2023 - ൽ മറുപടിയ്ക്ക്**

**സ്റ്റാഫ് നേഴ്സ് ഗ്രേഡ്-2 നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ രോഗി-നേഴ്സ് അനുപാതം എത്രയാണെന്നും ഇത് തിട്ടപ്പെടുത്തിയത് ഏത് വർഷമാണെന്നും അറിയിക്കാമോ; കാലാനുസൃതമായി രോഗി-നേഴ്സ് അനുപാതം പരിഷ്കരിക്കുന്നതിനും അതിനനുസൃതമായി കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ ജനറൽ വാർഡുകളിൽ 1:6 ഉം ഐ.സി.യു. - ൽ 1:1 എന്ന രോഗി - നേഴ്സ് അനുപാതമാണ് പാലിച്ചു വരുന്നത്. 1991- 92 കാലഘട്ടത്തിലാണ് സ്റ്റാഫ് അനുപാത മാനദണ്ഡം നിശ്ചയിച്ചത്. രോഗി - നേഴ്സ് അനുപാതം പാലിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1030 സ്റ്റാഫ് നഴ്സ് തസ്തികകളും ഈ സർക്കാരിന്റെ കാലത്ത് 206 സ്റ്റാഫ് നേഴ്സ് തസ്തികകളും സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. കൂടാതെ ആർദ്രം മാനദണ്ഡം അനുസരിച്ച് ഓരോ തലത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങളിലും ഉണ്ടായിരിക്കേണ്ട തസ്തികകൾ പുനർ നിർവചിച്ച് ഉത്തരവാകുകയും അതിന്റെ അടിസ്ഥാനത്തിൽ സ്റ്റാഫ് നഴ്സ് അടക്കമുള്ള തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. |
| (ബി) | എറണാകുളം ജില്ലയിൽ സ്റ്റാഫ് നേഴ്സ് ഗ്രേഡ്-2 തസ്തികയുടെ റാങ്ക് ലിസ്റ്റ് 08.12.2021 മുതൽ നിലവിലുള്ളപ്പോൾ തന്നെ പ്രസ്തുത തസ്തികയിൽ താൽക്കാലിക നിയമനം നടത്തിയതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത തസ്തികളിൽ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | 08.12.2021-ൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് -2 ന്റെ റാങ്ക് ലിസ്റ്റ് നിലവിൽ വന്ന ശേഷം താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടില്ല. നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ